പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 200

18.12.2012-ൽ മറുപടിക്ക്

## ഗുണമേന്മയുള്ള മരുന്നു നിർമ്മാണത്തിന് പുതിയ സംരംഭങ്ങൾ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഉടമസ്ഥതയിൽ അലോപ്പതി മരുന്നുകൾ നിർമ്മിക്കുന്നതിന് എത്ര സ്ഥാപനങ്ങളാണ് നിലവിലുള്ളത്; | (എ) സർക്കാർ ഉടമസ്ഥതയിൽ അലോപ്പതി മരുന്നുകൾ ഉൽപാദിപ്പിക്കുന്ന ഏക സ്ഥാപനം ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ആണ്. |
| (ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ എത്രത്തോളം മെച്ചപ്പെട്ടതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) ഉണ്ട്; കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൻെറ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കമ്പനി ആധുനികവൽക്കരിച്ചുവരുന്നു. |
| (സി) കേരള ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസിൻെറ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ; | (സി)<br>1) ബീറ്റാലാക്ടം പ്രൊഡക്ഷന് ബിൽഡിംഗിൻെറ നിർമ്മാണം പൂർത്തീകരിച്ച് ഉൽപ്പാദനം തുടങ്ങിയിട്ടുള്ളതാണ്.<br>2) NABL അക്രഡിറ്റ് ലാബിൻെറ പണി പുരോഗമിക്കുന്നു. 2013 ഫെബ്രുവരിയിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>3) ബീറ്റാലാക്ടം ഇൻജക്ഷൻ പ്ലാൻറിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2013 മേയ് മാസത്തോടെ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി)സംസ്ഥാനത്തുതന്നെ ഗുണമേന്മയുള്ള മരുന്നുകൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് പുതിയ സംരംഭങ്ങൾ ആരംഭിയ്ക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) കേരള ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കലിനെ ആധുനികവൽക്കരിച്ച് സംസ്ഥാനത്തിനാവശ്യമായ ഗുണമേന്മയുള്ള മരുന്നുകൾ ഉൽപ്പാദിപ്പിച്ച് ആരോഗ്യവകുപ്പിന് വേണ്ടിയുള്ള മോഡൽ നിർമ്മാണ യൂണിറ്റായി ഉയർത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

Adithyab

സെക്ഷൻ ഓഫീസർ